**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1224** **07-12-2022 - ൽ മറുപടിയ്ക്ക്**

**കന്നുകാലികൾക്കും വളർത്തുമൃഗങ്ങൾക്കുമുള്ള ഇൻഷുറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകാലികൾക്കും വളർത്തുമൃഗങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നത് എങ്ങനെയാണ് ; വിശദാംശം ലഭ്യമാക്കുമോ; | (എ) | മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഗോസമൃദ്ധി - എൻ.എൽ.എം ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു വർഷം, മൂന്ന് വർഷം ഇൻഷ്വറൻസ് പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇൻഷ്വറൻസ് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50% വും, എസ്.സി/എസ്.ടി വിഭാഗത്തിന് 70% വും, സർക്കാർ സബ്സിഡി നൽകിയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം 2 മുതൽ 10 വയസ്സ് വരെയുള്ള പശുക്കൾക്കും എരുമകൾക്കും ഈ സ്കീമിന് കീഴിൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹതയുണ്ട്. ഇതിനായി കറവയുള്ള പശുക്കൾക്ക് പ്രതിദിനം കുറഞ്ഞത് 7 ലിറ്റർ ഉൽപാദന ശേഷി ഉണ്ടായിരിക്കേണ്ടതാണ്. ഗർഭകാലത്തിന്റെ അവസാന ത്രൈമാസത്തിലുള്ള ഗർഭിണിയായ പശുക്കിടാവ്/എരുമ, 7 മാസത്തിനു മുകളിൽ ഗർഭിണിയായ കറവ വറ്റിയ പശുക്കൾ/എരുമകൾ എന്നിവയെയും ഈ പദ്ധതിയുടെ പരിധിയിൽ ഇൻഷ്വർ ചെയ്യാവുന്നതാണ്. മറ്റേതെങ്കിലും ഇൻഷ്വറൻസ് സ്കീമിന് കീഴിൽ വരുന്ന മൃഗങ്ങളെ ഈ സ്കീമിന് കീഴിൽ എൻറോൾ ചെയ്യാൻ പാടില്ല. മറ്റേതെങ്കിലും പ്ലാൻ സ്കീമിന് കീഴിൽ വിതരണം ചെയ്തിട്ടുള്ളതും എന്നാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചിട്ടില്ലാത്തതുമായ മൃഗങ്ങളെ ഈ സ്കീമിന് കീഴിൽ എൻറോൾ ചെയ്യാവുന്നതാണ്. നിലവിൽ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയിൽ ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ഉപഭോക്തൃ വിഹിതം ഓൺലൈനായി സമർപ്പിച്ച് അതിന്റെ payment റഫറൻസ് നമ്പർ കൂടി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ മാത്രമേ അപേക്ഷ success ആകുകയുള്ളൂ. അപേക്ഷ success ആയി 15 ദിവസത്തിനുള്ളിൽ പോളിസി ലഭ്യമാകുന്നതാണ്. സർക്കാർ മൃഗാശുപത്രി ഡോക്ടർമാർക്കാണ് |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് ക്ലെയിം നടപടിക്രമത്തിന്റെ ഉത്തരവാദിത്വം. ആട്,കോഴി മുതലായവയ്ക്ക് നിലവിൽ വകുപ്പ് ഇൻഷ്വറൻസ് നല്കുന്നില്ല. സർക്കാർ പദ്ധതി പ്രകാരമല്ലാതെ പ്രീമിയം തുക മുഴുവൻ വഹിച്ചുകൊണ്ട് കർഷകർക്ക് നേരിട്ടും തങ്ങളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യാവുന്നതാണ്. |
| (ബി) | ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ഇപ്പോൾ ഏതൊക്കെ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ സന്നദ്ധമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ന്യൂ ഇന്ത്യ അഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ്, നാഷണൽ ഇൻഷ്വറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി എന്നീ പൊതുമേഖല ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിക്കുന്നത്. |
| (സി) | ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഘട്ടത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് വെറ്ററിനറി ഡോക്ടർ ലഭ്യമല്ല എന്ന കാരണത്താൽ പ്രസ്തുത സേവനം നിഷേധിക്കുന്നതായുള്ള വ്യാപക പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | വെറ്ററിനറി ഡോക്ടർമാർ ലഭ്യമല്ല എന്ന കാരണത്താൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഘട്ടത്തിൽ പ്രസ്തുത സേവനം നിഷേധിക്കുന്നു എന്ന രീതിയിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർക്കാർ പദ്ധതികളിൽ ഉരുക്കളെ ഇൻഷ്വർ ചെയ്യുമ്പോൾ മാത്രമാണ് സർക്കാർ സർവീസിലുള്ള ഡോക്ടർ തന്നെ വേണമെന്നു നിഷ്കർഷിച്ചിട്ടുള്ളത്. ഇൻഷ്വർ ചെയ്ത ഉരുക്കളെ കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള ഏതൊരു വെറ്ററിനറി ഡോക്ടർക്കും ചികിൽസിക്കാവുന്നതാണ്. എന്നാൽ സർക്കാർ പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ള ഉരുക്കളുടെ ക്ലെയിം സംബന്ധിച്ച നടപടികൾ സർക്കാർ ഡോക്ടർമാർ തന്നെ ചെയ്യേണ്ടതാണ്. കൂടാതെ പശു മരണപ്പെട്ടാൽ സർക്കാർ സർവീസിലുള്ള വെറ്ററിനറി ഡോക്ടർ തന്നെ മരണ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തണം എന്നുണ്ട്. |

സെക്ഷൻ ഓഫീസർ